FRIDAY 06/02/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/02/2026

1. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും കേരളസർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക സർവ്വകലാശാല 2026 ഫെബ്രുവരി 18 മുതൽ 22 വരെ വെള്ളാനിക്കരയിലുള്ള സെൻട്രൽ ക്യാമ്പസിൽ വച്ച് "ദക്ഷിണ മേഖല കാർഷിക മേള 2025 – 26"സംഘടിപ്പിക്കുന്നു. നല്ല നാളെക്കായി സ്മാർട്ട്കൃഷി: അതിജീവനം സാങ്കേതികവിദ്യകളിലൂടെ (Agri-next: Smart, resilient and sustainable farming) എന്നതാണ് ഈ മേളയുടെ പ്രമേയം. കേരളം ഉൾപ്പെടെ ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക സർവ്വകലാശാലകൾ, ലക്ഷദ്വീപിലെയും ദക്ഷിണേന്ത്യയിലെയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ഐ. സി. എ. ആർ. ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുക്കുന്നു. അഗ്രി ബിസിനസ്സ് സ്ഥാപനങ്ങൾ, ബാങ്കുകൾ, അഗ്രിടെക് സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ മുൻകൂട്ടി സ്റ്റാളുകൾ ബുക്ക് ചെയ്യാവുന്നതാണ്. എ.സി. സ്റ്റാളുകൾക്ക് ₹25,000/ രൂപയും നോൺ എ.സി. സ്റ്റാളുകൾക്ക്₹10,000/ രൂപയുമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. താല്പര്യമുള്ളവർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൺവീനർ 9847335759, 9544211144എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് siraf@kau.in എന്ന ഇ മെയിൽ വഴിയോ 9497412447, 04872370150 എന്ന നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർമരങ്ങളെ ബാധിക്കുന്ന മഞ്ഞുകാലരോഗങ്ങൾ, അവയുടെ നിയന്ത്രണമാർഗങ്ങൾ എന്നിവയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് 2026ഫെബ്രുവരി 06 വെള്ളിയാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം ഇ. ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622.

## പരിശീലന പരിപാടി

3. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 10 മുതൽ 21 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ.

പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ഫെബ്രുവരി 9-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം695004. Email ID:principaldtctvm@gmail.com

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് 10.02.26 മുതൽ 21.02.2026 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്ക് പാലുൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണ സംരഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആധാർ കാർഡിൻ്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 06.02.26 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

## കാർഷിക നിർദേശം

5. അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം